**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**24 AUGUST 2018**

**(12 DHUL-HIJJAH 1439 AH)**

# “THE SPIRITUAL VALUE OF JUMU’AH”.

# “ജൂംആയുടെ ആത്മീയ മൂല്യം”.

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുസലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ജൂംആയുടെ ആത്മീയ മൂല്യം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശ്വസിച്ചവരെ, വെള്ളിയാഴ്ച ദിവസം നമസ്ക്കാരത്തിനായി വിളിക്കെപ്പെട്ടാൽ, അല്ലാഹുവിനെ സ്മരിക്കുന്നതിലേക്ക് നിങ്ങൾ ധൃതിപ്പെട്ടുപോവുകയും വ്യാപാരം നിറുത്തിവെയ്ക്കുകയും ചെയ്യുക. നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ് (62:10)

വെള്ളിയാഴ്ച സംബന്ധമായി ചോദിച്ച ചിലചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഈ വെള്ളിയാഴ്ച ഖുത്തുബയിലൂടെ നല്കുവൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇസ്ലാമിൽ ജുംആയുടെ ആത്മീയ മൂല്യം എന്താകുന്നു? ഒന്നാമത്തേത് ഈ ദിവസത്തെ സംബന്ധിച്ച് വിശുദ്ധഖുർആൻ എടുത്തു പറഞ്ഞിട്ടുണ്ട് എന്നുള്ളതാണ് (62:10)

മുസ്ലിംകൾ (പുരുഷന്മാരും സ്ത്രീകളും) വ്യാപാര കേന്ദ്രങ്ങളും, കടകളും അടയക്കുവാൻ കല്പിക്കപ്പെട്ടിരിക്കുന്നു. എല്ലാ കൊടുക്കൽ വാങ്ങലുകളും നിറുത്തിവെയ്ക്കുക, എന്നിട്ട് പള്ളിയിലേക്ക് ധൃതിയിൽ പോവുക, ജുംഅ്വ പ്രാർത്ഥന പൂർത്തീകരിക്കുവാനായി. വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കായി വിളിക്കെപ്പെട്ടാൽ ജുംഅ്വ നമസ്ക്കാരത്തിന് മുൻപുള്ള ഇമാമിന്റെ പ്രസംഗവും ഇതിൽ ഉൾപ്പെടുന്നു. ജും ആ നമസ്ക്കാരത്തിന്റെ ഒരു ഭാഗമാണ് ജുംഅ്വ പ്രസംഗം.

ജുംഅ്വ ദിനത്തിൽ വിശ്വാസികളുടെ മേൽ വളരെയധികം അനുഗ്രഹ

ങ്ങൾ ചൊരിഞ്ഞിരിക്കുന്നു. പരമോന്നതനായ അല്ലാഹു ജുംആയ്ക്ക് വള രെയധികം മൂല്യം നല്കിയിട്ടുമുണ്ട്. അവനാണ് പകലും രാത്രിയും സമ്പൂർണ്ണമായ ക്രമത്തിൽ സൃഷ്ടിച്ചിട്ടുള്ളത്. ഇബ്നു മാജയും അഹ്മദും റിപ്പോർട്ട് ചെയ്തിരിക്കുന്നു. പരിശുദ്ധപ്രവാചകൻ(സ) പറഞ്ഞു. ദിവസ ങ്ങളുടെ നായകൻ വെള്ളിയാഴ്ചയാകുന്നു. അല്ലാഹു(ത) യുടെ നോട്ടത്തിൽ ഏറ്റവും പ്രാധാനപ്പെട്ട ദിവസവും അതുതന്നെ. തന്നെ, ആരാ ധിക്കുന്നവരുടെ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നല്കുന്നതും വെള്ളി യാഴ്ചയാണ്, അത് എന്തുതന്നെ ആയാലും ശരി നിയമവിധേയമായിരി ക്കണം പ്രാർത്ഥനകൾ. അന്ത്യദിനം സംഭവിക്കുന്നതും വെള്ളിയാഴ്ച ദിവ സത്തിലായിരിക്കും.

ഈ നമസ്ക്കാരത്തിന്റെ പ്രാധാന്യം സ്വലാത്തുൽ ജുംആയ്ക്കുള്ള വിളികേട്ടാൽ ധൃതിയിൽ നിങ്ങൾ പ്രാർത്ഥയ്ക്കായി പോവുക മറ്റെല്ലാ കാര്യ ങ്ങളും മാറ്റിവെയ്ക്കുക. എന്തുകൊണ്ടാണ് ഈ നിർബന്ധം? സ്വലാത്തുൽ ജുംആയ്ക്കുള്ള പ്രത്യേകത എന്താണ്? മറ്റു നമസ്ക്കാരങ്ങളെപോലെ തന്നെയുള്ള നമസ്ക്കാരമല്ലേ ഇത്? അതേ പ്രാധാന്യമല്ലേ ഇതിനുമുള്ളത്? അല്ല! ജുംആ നമസ്ക്കാരത്തിന് പ്രത്യേകമായ ഒരു ഉദ്ദേശ്യമുണ്ട്. മുസ്ലിം കളെ ഒരുമിച്ചു കൂട്ടുക. ക്രമമനുസരിച്ച് ഇരുത്തുക, ഖുത്തുബ കേൾക്കു ന്നതിനായി, മുൻപിൽ നിന്നും ഓരോ വരിയിലും ആളുകൾ പൂർണ്ണമാകു മ്പോൾ അടുത്തവരിയിലിരിക്കുക, സമുദായവുമായി ബന്ധപ്പെട്ട അവരുടെ പ്രധാന കാര്യങ്ങൾ ഇമാമ് അറിയിക്കുക തുടങ്ങിയവ.

ജുംആ പ്രാർത്ഥനയുടെ ഉദ്ദേശ്യം താഴെ വിവരിക്കുന്നു. ഓരോ ആഴ്ച യുടെയും ആരംഭത്തിൽ, ഒരു സ്ഥലത്ത്, സുസംഘിടതമായി, പ്രായപൂർ ത്തിയായ സ്ത്രീപുരുഷന്മാരെ ഒരുമിച്ചു കൂട്ടുക. എന്നിട്ട് ദൈവീക കല്പ നകളിൽ നിന്ന് ലഭിച്ച പാഠങ്ങൾ പഠിപ്പിക്കുക, ഇമാം പ്രഖ്യാപിക്കുന്ന പുതിയ തീരുമാനങ്ങൾ ഉൾക്കൊള്ളുക വിശിഷ്യാ ഈ നൂറ്റാണ്ടിൽ അല്ലാ ഹുവിന്റെ പ്രതിനിധിയായി വന്ന ഖലീഫ, നിങ്ങൾക്ക് സന്ദേശങ്ങൾ നല്കി ശരിയായ വഴി കാണിക്കുക. ദൈവീക സന്ദേശങ്ങൾ, നിർദ്ദേശങ്ങൾ നല്കു ക, തദ്വാര ഈ ജീവിതത്തിലുള്ള ഭൗതികവും ആത്മീയവുമായ കാര്യ ങ്ങളെ സംബന്ധിച്ച് കേൾപ്പിക്കുക, തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറ വേറ്റുന്നതിനെ സംബന്ധിച്ചുള്ള പ്രഭാഷണവും, മുന്നറിയിപ്പുകളും നല്കുക എന്നിട്ട് അത് അടുത്ത ആഴ്ചയ്ക്കകം നിറവേറ്റുന്നതിനുള്ള അഭിനിവേശം അവരിൽ ഉണ്ടാക്കുക, ലോകത്തിനു ചുറ്റുമുള്ള ചില പള്ളികളിൽ ഇതാണ് നടന്നുകൊണ്ടിരിക്കുന്നത്

പ്രസ്തുത ദിനത്തിലെ പ്രഭാഷണത്തിൽ, പ്രാർത്ഥനയ്ക്ക് നേതൃത്വം

നല്കുന്ന നായകൻ അഥവാ ഇമാം, ഒരു വിഷയം തെരഞ്ഞെടുക്കുന്നു. അത് സമുദായത്തെ തന്നെ അഥവാ ഉമ്മത്തിനെ സ്പർശിക്കുന്ന വിഷയ മായിരുക്കും അത് ക്രമേണ വികാസം നേടുകയും സദസ്സ് അതു ഉൾക്കൊ ള്ളുകയും ചെയ്യുന്നു. ഇത് ശ്രവിക്കുന്ന ആരാധകർ അതിനെ അഭിനന്ദി ക്കുകയും ചെയ്യുന്നു.

വെള്ളിയാഴ്ചയുടെ ആത്മീയ മൂല്യം വിശദീകരിക്കുവാൻ, പരിശുദ്ധ പ്രവാചകൻ(സ) പറഞ്ഞു. ജുംആ നമസ്ക്കാരത്തിനായി ആദ്യമായി പള്ളി യിൽ എത്തുന്ന ആൾ ഒരു ഒട്ടകത്തെ ഖുർബാനി സമർപ്പിച്ചവനെ പോലെ യാണ്. ആദ്യസമയം എന്നതുകൊണ്ടർത്ഥമാക്കുന്നത് ബാങ്ക് വിളിച്ച ഉടനെ എന്നർത്ഥം, അതേ തുടർന്ന് പോകുന്ന ആൾക്ക്, ഒരു പശുവിനെ ഖുർബാനി അർപ്പിച്ച പ്രതിഫലം ലഭിക്കുന്നതാണ്. അതിനു ശേഷം പോകുന്ന ആൾക്ക് ഒരു മുട്ടനാടിനെ ഖുർബാനി അർപ്പിച്ച പ്രതിഫലമാണുള്ളത്, അതിനുശേഷം പോകുന്ന ആളിന്, ഒരു പിടക്കോഴിയെ ഖുർബാനി അർപ്പിച്ചവനെ പോലെ യുള്ള പ്രതിഫലമാണ് ലഭിക്കുക, അതിനും ശേഷം പോകുന്ന ആളിന് ഒരു മുട്ട ഖുർബാനി സമർപ്പിച്ചവനെ പോലുള്ള പ്രതിഫലമാണ് ലഭിക്കു ക. ഇമാം പ്രസംഗത്തിനായി മിമ്പറിലേക്ക് പോകുമ്പോൾ, പ്രസ്തുത പ്രസംഗം ശ്രവിക്കുമ്പോൾ, മാലാഖമാർ അവിടെ ഉണ്ടാകും. അതാകുന്നു പ്രസ്തുത ഖുത്തുബ (ബുഖാരി)

അനസ് (റ) റിപ്പോർട്ട് ചെയ്യുന്നു. പരിശുദ്ധപ്രവാചകൻ (സ) വെള്ളിയാ ഴ്ചയുടെ പ്രധാന്യത്തെപറ്റി പറഞ്ഞു. ജിബ്രീൽഎന്ന മലക്ക്, തന്റെ കയ്യിൽ ഒരു വെള്ളകണ്ണാടിയുമായി, എന്നെ കാണാൻ വന്നു എന്നിട്ട് പറഞ്ഞു അല്ലാഹു(ത) താങ്കൾക്ക് ഇത് ഒരു സമ്മാനമായി നല്കിയിരിക്കുന്നു. ഇത് താങ്കൾക്ക് ഒരു പെരുന്നാളാണ്, താങ്കൾക്കു ശേഷം താങ്കളുടെ ജനതയ്ക്കും ഇതു പെരുന്നാളായിരിക്കും, പരിശുദ്ധപ്രവാചകൻ(സ) ചോദിച്ചു. ഞങ്ങൾക്ക് ഇതിൽ എന്താണുള്ളത്? ജിബ്റീൽ(അ) പറഞ്ഞു. ഇതിൽ നിങ്ങൾക്കായി നല്ലത് ഒരുക്കിയിരിക്കുന്നു. ഇതിൽ ഒരു സമയമുണ്ട്, ഒരുവൻ തന്റെ രക്ഷി താവിനോട് അവന്റെ നല്ലതിനു വേണ്ടി, ദുആ ചെയ്താൽ അത് അവ നായി നല്കുന്നതാണ്, അത് അവന് ലഭിക്കുന്നതുമാണ് അഥവാ പാര ത്രീക ലോകത്ത് അവന് ഇതിനേക്കാൾ ഉത്തമമായ ഒരോഹരി ലഭിക്കുന്ന താണ്. മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള തിന്മയിൽ നിന്നും അല്ലാഹുവിന്റെ സംര ക്ഷണം ഒരുവൻ ആവശ്യപ്പെട്ടാൽ അല്ലാഹു(ത) നിശ്ചയമായും സംരക്ഷണം നല്കുന്നതാണ്. നമ്മോടൊപ്പമുള്ള ദിവസങ്ങളുടെ നേതാവാണ് ഈ ദിനം.

അതെന്താണ് അങ്ങനെ? പ്രവാചകൻ(സ) ചോദിച്ചു. അപ്പോൾ ജിബ്

രീൽ(അ) മറുപടിയായി പറഞ്ഞു. നിങ്ങളുടെ സ്വർഗസ്തനായ രക്ഷകന് സ്വർഗത്തിൽ ഒരു താഴ്വരയുണ്ട്, അത് കസ്തൂരിയേക്കാൾ മണമുള്ള സ്ഥലമാകുന്നു. വെള്ളിയാഴ്ച ദിവസം അവൻ തന്റെ സിംഹാസനത്തിൽ നിന്നും താഴേയ്ക്കിറങ്ങുന്നു. സ്വർഗ്ഗത്തിലെ അന്തേവാസികൾക്ക് പ്രത്യക്ഷനാകുന്നു, അവർ അവന്റെ മര്യാദയുള്ള മുഖം ദർശിക്കുന്നതാണ്. ജിബ്രീൽ(അ) തുടർന്നു. ഏറ്റവും പ്രകാശമാനമായ ദിവസം ജുംആ ദിവസമാകുന്നു. ആദം(അ) ഒരു വെള്ളിയാഴ്ചയാണ് ജനിച്ചത്. അദ്ദേഹം സ്വർഗ്ഗത്തിൽ പ്രവേശിച്ചത് ഒരു വെള്ളിയാഴ്ചയാണ്. ഭൂമിയിലേക്ക് കൊണ്ടുവരപ്പെട്ടതും അദ്ദേഹം വഫാത്തായതും ഒരു വെള്ളിയാഴ്ചയാണ്. അവസാന വിധിയും ഒരു വെള്ളിയാഴ്ചയായിരിക്കും.

ഇക്കാരണങ്ങളാൽ തന്നെ, വെള്ളിയാഴ്ച, ഒരു അസാധാരണ ദിവസമാകുന്നു. മാലാഖമാർ അതിനു സാക്ഷ്യം വഹിക്കുന്നു. പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ)നോട് മലക്ക് ജിബ്രീൽ(അ) പറഞ്ഞ വാക്കുകൾ പ്രകാരം, വെള്ളിയാഴ്ച ദിവസമാണ്, വിശ്വാസികൾക്ക്, പരമോന്നതനായ അല്ലാഹുവിന്റെ മുഖാരവിന്ദം സ്വർഗ്ഗത്തിൽ കാണുവാൻ കഴിയുന്നത്. അൽഹംദുലില്ലാഹ്)

ആലോചിക്കാനായി : ജുംആയുടെ സവിശേഷമായ ഒരു പ്രത്യേകത, അത് ഏറ്റവും നിസ്സാരമായ ഒരുകാര്യമല്ല, പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്ന ഒരു സമയം അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വിഷയം സംബന്ധമായി പരിശുദ്ധപ്രവാചകൻ(സ) പറഞ്ഞു. ഈ ദിവസത്തിലൊരു നിമിഷമുണ്ട്, പ്രസ്തുത സമയത്ത് ഒരു മുസ്ലിം ആരാധനയിൽ കഴിയുകയാണെങ്കിൽ, എന്നിട്ട് അല്ലാഹുവിനോട് എന്തെങ്കിലും, ചോദിക്കുകയാണെങ്കിൽ, അവൻ അവന്റെ യാചനയ്ക്ക് ഉത്തരം നല്കുന്നതാണ്. (ബുഖാരി)

പ്രസ്തുത നിമിഷം കൃത്യമായി തീരുമാനിച്ചിട്ടില്ല, റമദാൻ മാസത്തിലെ ലൈലത്തുൽ ഖദ്ർ രാത്രിപോലെ! എന്നാൽ മുസ്ലിം റിപ്പോർട്ട് ചെയ്ത ഒരു ഹീദസിന്റെ വെളിച്ചത്തിൽ, പരിശുദ്ധപ്രവാചകൻ(സ) യുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ എഴുതപ്പെട്ടിരിക്കുന്നതിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്, ഈ അമൂല്യസമയം ഇമാം മിമ്പറിൽ പ്രസംഗത്തിനായി ഇരിക്കുന്നതു മുതലുള്ള സമയം തുടങ്ങി രണ്ട് ഖുത്തുബകൾ അവസാനിക്കുന്നതിനു മുൻപുള്ള സമയം വരെയാകുന്നു, എന്നാൽ നിങ്ങൾ അറിയണം, ഈ കാര്യത്തിൽ ഒരു ഏകകണ്ഠമായ അഭിപ്രായം പണ്ഡിതമാർക്കിടയിൽ ഉണ്ടായിട്ടില്ല. ഇസ്ലാമിനെ കുറിച്ച് കൂടുതൽ അറിവുള്ളവരോട് ഇതു സംബന്ധമായി അന്വേഷിച്ചിട്ടു പോലും അവർ ഒരു അന്തിമ യോജിപ്പിലെത്തിയിട്ടുമില്ല. വെള്ളിയാഴ്ചയെ സംബന്ധിച്ചുള്ള

മറ്റൊരു പ്രധാന കാര്യം പരിശുദ്ധപ്രവാചകൻ(സ) പ്രസ്തുത ദിനത്തിൽ വ്രതാനുഷ്ഠാനം ഉപേക്ഷിച്ചിരുന്നു. അദ്ദേഹം, ഇതിന്, വ്രതാനുഷ്ഠാനത്തിന്, മുൻഗണന നല്കിയിരുന്നത് വ്യാഴാഴ്ചകളിലായിരുന്നു. വെള്ളിയാഴ്ച ദിവസങ്ങളിൽ കൂടുതൽ സമയവും, പള്ളിയിൽ ആരാധനയിൽ കഴിയുവാനാണ് അദ്ദേഹം താത്പര്യപ്പെട്ടിരുന്നത്.

പള്ളിയിൽ നേരത്തെ വരിക, മുൻനിരയിൽ ഇരിക്കുക, ദൈവസ്മരണയിലും, സ്വലാത്ത ചൊല്ലലിലും, ഖുർആൻ പാരായണത്തിലും (സൂറ:അൽകഹ്ഫ് ജുംആ നമസ്ക്കാരത്തിന് മുൻപ്, പാരായണം ചെയ്യുന്നതിന് മുൻഗണന കൊടുക്കുക. ജുംആ ഖുത്തുബ ശ്രദ്ധയോടെയും, തഖ്‌വയോടു കൂടിയും കേൾക്കുക, നമസ്ക്കാര സമയംവരെയും! ഉമ്മത്തിൽപ്പെട്ട നിങ്ങൾ ഓരോരുത്തരുടെയും കടമയാണിത്.

ബുഖാരിയിൽ രേഖപ്പെടുത്തപ്പെട്ട ഒരു ഹദീസിൽ, വെള്ളിയാഴ്ച ദിവസം പള്ളിയുടെ വാതിലുകളിൽ മാലാഖമാരുടെ സാന്നിധ്യം ഉണ്ടായിരിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പള്ളിയിലെ വാതിലുകളുടെ മുമ്പിൽ മാലാഖമാർ നില്ക്കുന്നതാണ്. വിശ്വാസികളുടെ വരവ് സംബന്ധമായി ക്രമമനുസരിച്ച് അവർ രേഖപ്പെടുത്തുന്നതാണ്. ഖുത്തുബ നിർവ്വഹിക്കുവാനായി ഇമാം മിമ്പറിൽ ഇരുന്നുകഴിഞ്ഞാൽ അവർ അവരുടെ രേഖാ പുസ്തകം മടക്കുന്നതും, അവർ ആദ്യവരിയിലേക്ക് ഓടിവരുന്നതുമാണ്, ഇമാമിന്റെ പ്രസംഗം ശ്രവിക്കുവാനായി.

### ഒരു സംഭവകഥ :

പരിശുദ്ധപ്രവാചകൻ(സ) വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ സദസ്സിലേക്ക് കടന്നു വന്നു. പരിശുദ്ധപ്രവാചകൻ(സ) അദ്ദേഹത്തോട് പറഞ്ഞു. പെട്ടെന്ന് ഇരിക്കുക, നിങ്ങൾക്ക് മുമ്പ് വന്നവരെ നിങ്ങൾ ബുദ്ധുമുട്ടിച്ചുകൊണ്ടിരിക്കുകയാണ്.

ഞായറാഴ്ച ഒഴികെയുള്ള ഒരു ദിവസത്തേപറ്റി വിശുദ്ധഖുർആനിൽ വ്യക്തമായും പ്രതിപാദിച്ചിട്ടുണ്ടോ? ഉണ്ട് ഒരേ ഒരു ദിവസത്തെപ്പറ്റി അത് വെള്ളിയാഴ്ച ദിവസമാകുന്നു. ജുംആ ദിവസം 62-ാം അധ്യായത്തിൽ, ബിസ്മി ഉൾപ്പെടെ 12 വചനങ്ങൾ.

**പ്രസംഗം അവസാനിക്കുന്നതിന് മുൻപ് ഞാൻ ഈ ഉപദേശങ്ങൾ നിങ്ങൾക്ക് നല്കുന്നു.** നിങ്ങളുടെ സമയം നിങ്ങൾ നഷ്ടപ്പെടുത്തരുത്; വിശിഷ്യ വെള്ളിയാഴ്ചകളിൽ! അവസാന സമയത്ത് പള്ളിയിൽ പോകുന്ന പ്രവണത മാറ്റുക. വിശ്വാസികൾ നമസ്ക്കാരത്തിനായി അണിനില്ക്കുന്ന സമയത്ത! ഖുത്തുബ സമയത്ത് കൂട്ടുകാരുമായി അതുമിതും പറഞ്ഞ്, വുദു

ചെയ്യുന്ന സ്ഥലത്ത് മാറി നിന്ന്, നിങ്ങളുടെ സമയം നഷ്ടപ്പെടുത്തിക്കളയരുത്. ജുംആ ഖുത്തുബ സ്വലാത്തുൽ ജും ആയുടെ ഒരു ഭാഗം തന്നെയാണ് എന്ന് നിങ്ങൾ നിശ്ചയമായും മനസ്സിലാക്കണം. പ്രസംഗസമയത്ത് ഉറങ്ങരുത്. പ്രസംഗം സമയത്ത് ഭിത്തിയിൽ ചാരിയിരിക്കുന്ന ശീലമുള്ളവരുണ്ട്. അങ്ങനെ അവർ അവിടെ ഇരുന്ന് ഉറങ്ങിപോകുന്നു. അവിടെയിരുന്നു സ്വപ്നം കാണുകയോ കൂർക്കം വലിക്കുകയോ ചെയ്യുന്ന അവസ്ഥ വരെയും എത്താറുണ്ട്. തത്ഫലമായി വെള്ളിയാഴ്ച ഖുത്തുബകൊണ്ട് അവർക്ക് ഒരു പ്രയോജനവുമില്ലാതെ പോകുന്നു. വെള്ളിയാഴ്ച ദിനം നിറയെ അനുഗ്രഹങ്ങളാലും നന്മകളാലും സമൃദ്ധമാകുന്നു. ഖുത്തുബയിൽ എന്താണ് പറഞ്ഞതെന്ന് അവർക്ക് അറിയാൻ കഴിയുന്നില്ല. പ്രസംഗം നിങ്ങൾക്ക് മനസ്സിലായോ ഇല്ലയോ എന്നതല്ല പ്രശ്നം ഏതുഭാഷയിലായാലും ശരി നിങ്ങൾ നിശബ്ദരായിരിക്കുക, ആദരവോടെ കേൾക്കുക, തഖ്‌വയിലധിഷ്ഠിതമായ വാക്കുകളാണ് നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നത് എന്ന ധാരണയിലൂടെ!

## ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഇന്റർനാഷണലിന്റെ ഊർജ്ജ സ്വലമായ സംഘം

അൽഹംദുലില്ലാഹ് അനേകർ നമ്മുടെ വെബ്സൈറ്റ് പ്രയോജനപ്പെടുത്തുന്നുണ്ട് നമ്മുടെ ഖുത്തുബകൾ ശ്രവിക്കുന്നു. വായിക്കുന്നു അനേകം ഭാഷകളിൽ!ഫസിൽ ജമാൽ സാഹിബ് കൈകാര്യം ചെയ്യുന്ന ബ്ളോഗിൽ അനേകർ പ്രവേശിക്കുന്നുണ്ട്. വെള്ളിയാഴ്ച ഖുത്തുബയും മറ്റു വിഷയങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. അൽഹംദുലില്ലാഹ് സൗത്ത് കേരള അമീർ സാഹിബ് തയ്യാറാക്കുന്ന മലയാള ഭാഷയിലുള്ള എന്റെ പ്രസംഗങ്ങളും ശ്രദ്ധേയമാണ്, അദ്ദേഹത്തെ അദ്ദേഹത്തിന്റെ മകൾ ഫൗസിയായും മറ്റുള്ളവരും സഹായിക്കുന്നുണ്ട്. തമിഴ് ആസിം അഹ്മദ് സാഹിബും, സലിം സാഹിബും മറ്റുള്ളവരും കൈകാര്യം ചെയ്യുന്നു. അൽഹംദുലില്ലാഹ് ഇൻശാ അല്ലാഹ് ക്രയോൾ, ഇംഗ്ലീഷ്,, ഫ്രഞ്ച്, മലയാളം, തമിഴ് ഭാഷകളോടൊപ്പം ഹിന്ദി, ഉർദു, അറബിക്കും മറ്റു ഭാഷകളിലുമുണ്ടാകും പരിഭാഷകൾ. ഇൻശാ അല്ലാഹ്!

## വെള്ളിയാഴ്ച ഒരാളിന്റെ സമയം എങ്ങനെ ഉപയോഗിക്കണം

പകലിന്റെ പകുതി സമയത്തോളം (അല്ലെങ്കിൽ അവശേഷിക്കുന്ന ബാക്കി സമയം) നിങ്ങൾക്ക് പള്ളിയിൽ വിവിധ രീതിയിലുള്ള ഇബാദത്തിൽ ചെലവഴിക്കാവുന്നതാണ്. ഖുത്തുബ സമയത്ത് തികഞ്ഞ ജാഗ്രതയോടെ,

ഉണർവോടെ കേട്ടിരിക്കുക. ഭക്തിയോടെ ജുമാ നമസ്ക്കാരത്തിൽ പങ്കുകൊള്ളുക. ദിക്ക്റിലൂടെയും, സ്വതത്തിലൂടെയു, ദുആയിലൂയെടും, അല്ലാഹുവിന്റെ സംരക്ഷണം ആവശ്യപ്പെടുക. വിശ്വാസികളുടെ വിശ്വാസത്തിന് പ്രതിഫലം ലഭിക്കുന്ന, ലാഭം ഉണ്ടാകുന്ന ഒരു പ്രവൃത്തിയാണ് ഇത്; അത് ഇഹലോകത്തും പ്രതിഫലം ലഭിക്കുന്നു, പരലോകത്ത് അതിലും കൂടുതൽ ലഭിക്കുന്നു. അവനു വേണ്ടി സ്വർഗ്ഗം ഒരുക്കിവെച്ചിരിക്കുന്നു എന്നത് ആര് അറിയുന്നു? ഇൻശാ അല്ലാഹ്

## പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) യുടെ ശുപാർശ

നബി(സ) യുടെ മേലുള്ള സ്വലാത്ത് ദിവസവും ഏത് സമയത്തും ചൊല്ലാവുന്നതാണ്. വ്യാഴാഴ്ച രാത്രി മുതൽ ഇത് ഇരട്ടിയാക്കുക. (ജുംആ ആരംഭം മുതൽ അതായത് വ്യാഴ്ഴാച സൂര്യാസ്തമയം മുതൽ) വെള്ളിയാഴ്ച ദിവസം നിങ്ങൾക്ക് കഴിയുന്നിടത്തോളം സ്വലാത്ത് ചൊല്ലൽ വർദ്ധിപ്പിക്കുക. ഇതിന്റെ പ്രയോജനം കണക്കറ്റതാകുന്നു. ഒരു പ്രവാചക വചന പ്രകാരം, പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) തന്റെ സമുദായത്തിനായി ശുപാർശ ചെയ്യുകയാണ്. പ്രസ്തുത ദിനത്തിൽ, വെള്ളിയാഴ്ച ദിനത്തിൽ രണ്ടോ മൂന്നോ മടങ്ങ് നിങ്ങൾ സ്വലാത്തു ചൊല്ലൽ വർദ്ധിപ്പിച്ച് അദ്ദേഹത്തിനായി അയച്ചു കൊടുക്കുവാൻ

ഈ സമുദായത്തിൽ നിന്നുള്ള നമുക്ക് ഓരോരുത്തർക്കും, അല്ലാഹുവിനോട് പ്രാർത്ഥിക്കാം, നമ്മുടെ ഹൃദയങ്ങളെ നന്മയിലേക്ക് നയിക്കുവാനായി! എല്ലാ ആഴ്ചകളിലും പള്ളിയിൽ പോകുന്നവരിൽ നമ്മെയും എണ്ണുന്നതിനായി! വെള്ളിയാഴ്ചകളിൽ നമസ്ക്കാരം നിർവ്വഹിക്കുവാനായി! അല്ലാഹു(ത) നല്കുന്ന സ്നേഹ സമ്മാനങ്ങൾ കരസ്തമാക്കുവാനായി നമുക്ക് വെള്ളിയാഴ്ച ദിനത്തെ ധന്യമാക്കാം. ഇൻശാ അല്ലാഹ് ആമീൻ

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**